# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1376 — 30-09-2011 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ നെൽകൃഷി

ചോദ്യം

ശ്രീ.വി.ശശി

മറുപടി

ശ്രീ.കെ.പി.മോഹനൻ:
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ നടപ്പാക്കിവരുന്നുവെന്ന് വിശദീകരിക്കാമോ;

(എ) നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുന്നതിനും തരിശുനില കൃഷി എന്നിവയ്ക്കുമായി 27.5 ലക്ഷം രൂപയുടേയും, സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം 300 ഹെക്ടർ കര നെൽകൃഷിക്ക് വനിതാഗ്രൂപ്പുകൾ വഴിയുള്ള നെൽകൃഷി 5 ഹെക്ടറിലും വടക്കാഞ്ചേരി മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന് 56.5 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം നെൽകൃഷി വികസനത്തിനായി 6.26 ലക്ഷം രൂപയും നെൽകൃഷിക്കായി തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചത് നടപ്പിലാക്കി വരുന്നു. നെൽകൃഷിക്ക് 350 രൂപ ഹെക്ടറിന് ഉല്പാദന ബോണസായും വൈദ്യുതി സൗജന്യമായും അനുവദിക്കുന്നുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങ് വിലയ്ക്ക് നെല്ല് സംഭരി ക്കാൻ തിരുവനന്തപുരം ജില്ലയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) യും (സി) യും 2005-06 വർഷം മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, എറണാകുളം, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നും നെല്ല് സംഭരണം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ നിന്നും നെല്ല് സംഭരണം നടത്തുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ